


Issue No. 3 | JUBILEE MISSION MEDICAL COLLEGE & RESEARCH INSTITUTE | FEBRUARY 2015

## *Editor's Desk*

പ്രശസ്ത ബ്രസീലിയൻ എഴുത്തുകാരൻ പൗലോ കൊയ്‌ലോ തന്റെ ആൽക്കെമിസ്റ്റ് എന്ന നോവലിലൂടെ പറഞ്ഞുവെക്കുന്ന ഒരു കാര്യമുണ്ട്. "നമുക്ക് ഒരു ലക്ഷ്യമുണ്ടെങ്കിൽ ആ ലക്ഷ്യത്തിലേക്കെത്താൻ ഈ പ്രപഞ്ചം മുഴുവൻ നമ്മെ സഹായിക്കുമെന്ന്". ഒരു വ്യക്തിയുടെ സർഗ്ഗാത്മകത അക്ഷരങ്ങളായി രൂപംപ്രാപിച്ച് ലോകത്തിന് വെളിപ്പെട്ടപ്പോൾ അനേകം വ്യക്തിത്വങ്ങൾക്ക് പ്രചോദനമായിത്തീർന്നു ആ വാക്കുകൾ!

പ്രകൃതി പ്രചോദനങ്ങളുടെ കൂടാരമാണ്. പുഴ ഒഴുകുന്നത് കടൽ എന്ന ലക്ഷ്യത്തിലേക്കാണ്. അനേകം പ്രതിബന്ധങ്ങളെ തരണംചെയ്ത് അത് കടലിനോട് ചേരുന്നു. ഓരോ പുലരിയും സ്വാഗതമരുളുന്നത് ഉണർവ്വിലേക്കാണ്. പകലവൻ ഭൂമി മുഴുവനേയും ഒരു വിവേചനവും കൂടാതെ പ്രകാശിപ്പിക്കുന്നു. നമുക്കും പുഴ നൽകുന്ന പ്രചോദനം ഉൾക്കൊള്ളുവാൻ സാധിക്കണം. പുലരിപോലെ ഉന്മേഷം പ്രദാനം ചെയ്യാൻ കഴിയണം. സൂര്യനെപ്പോലെ പ്രകാശം പരത്താൻ കഴിയണം.

യുദ്ധത്തിൽ തോറ്റ് ഒരു ഗുഹയിൽ ഒളിച്ച രാജാവിന്റെയും ചിലന്തിയുടെയും കഥ നമുക്ക് അറിവുള്ളതാണ്. തോൽവിയിൽ മനംനൊന്ത് ഒളിച്ചിരിക്കുന്ന സമയത്താണ്, രാജാവ് ഒരു ചിലന്തി വല നെയ്യുന്നത് കണ്ടത്. കുറെ പ്രാവശ്യം പരിശ്രമിച്ച് അവസാനമാണ് ചിലന്തി വല നെയ്യൽ പൂർത്തിയാക്കിയത്. വീശിയടിക്കുന്ന കാറ്റും മറ്റും വല നിർമ്മാണം പലപ്പോഴും പാതിവഴിയിൽ നശിപ്പിച്ചിരുന്നു. പക്ഷെ അവസാനം ആ ചിലന്തി വിജയിക്കുകതന്നെ ചെയ്തു. ഒളിച്ചിരുന്ന രാജാവ് ആത്മവിശ്വാസത്തോടെ തിരിച്ചുപോയി യുദ്ധം ചെയ്ത് വിജയശ്രീലാളിതനായി. നിസ്സാരമെന്ന് കരുതുന്ന പലതിനും നമ്മിൽ അടിഞ്ഞുകിടക്കുന്ന പ്രത്യാശയുടെ ദീപനാളം തെളിയിക്കാൻ കഴിയും. ഈ പ്രകാശം അണയാതെ മറ്റുള്ളവരിലേക്ക് പകരാം. പ്രത്യാശയുടെ വാഹകരായിത്തീരാം.

**ഫാ. സിജോ ചെറുവത്തൂർ**
*എഡിറ്റർ*

## *Principal's Message*

ജൂബിലി മിഷൻ ബൃഹത്തായ ഒരു സ്ഥാപനം മാത്രമല്ല, അത് മഹത്തായ ഒരു കുടുംബം തന്നെയാണ്. ഈ കുടുംബത്തിൽ ആരം അന്യരല്ല, ആരും ചെറുതല്ല, ആരും തന്നെ അപ്രസക്തരുമല്ല. എല്ലാവരും അവരവരുടെ മേഖലയിൽ, അവരവരുടെ ശൈലിയിൽ പ്രധാന പങ്കു വഹിക്കുന്നവരാണ്. ഉത്തരവാദിത്വങ്ങൾ ഭംഗിയായി നിറവേറ്റുന്നവരാണ്. ജൂബിലി മിഷന്റെ സേവനമേഖല ആരോഗ്യ ശുശ്രൂഷയിലും, സാമൂഹ്യക്ഷേമത്തിലും, പഠനഗവേഷണത്തിലും എല്ലാം വ്യാപിച്ചുകിടക്കുന്നു. ഇതെല്ലാം ദൈവകാരുണ്യത്തിന്റെ പിൻബലത്തിൽ നടത്തപ്പെടുന്നു എന്നത് എല്ലാതരത്തിലും ഇതിനെ ശ്രേഷ്ഠതരമാക്കുന്നു, പരിപാവനമാക്കുന്നു.

ഈ സംരംഭത്തിൽ കുടുംബാംഗങ്ങളായ നാമോരുരുത്തർക്കും കൂട്ടായി കൂട്ടുത്തരവാദിത്വത്തോടെ പരസ്പര ധാരണയോടെ, സ്നേഹപൂർവ്വം കൈകോർക്കാം. ജൂബിലി കുടുംബം നമുക്ക് ഉത്തേജകമാകട്ടെ!

ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

ജയ് ജൂബിലി ! ജയ് ഹിന്ദ് !!

**ഡോ. വി. കെ. രാമൻകുട്ടി**
*പ്രിൻസിപ്പാൾ*

# ജൂബിലി മിഷൻ നഴ്സിംഗ് സ്കൂൾ
## *50-ാം വർഷത്തിലേക്ക്*

തൃശൂർ: ജൂബിലി മിഷൻ നഴ്സിംഗ് സ്കൂൾ സ്ഥാപിതമായതിന്റെ 50-ാം വർഷത്തിലേക്ക് പ്രവേശിച്ചു. അർപ്പണബോധവും ആത്മാർത്ഥതയും പ്രാർത്ഥനാചൈതന്യവുമുള്ള നഴ്സുമാരെ സൃഷ്ടിച്ച ജൂബിലി മിഷൻ നഴ്സിങ്ങ് സ്കൂളിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. നേഴ്സിങ്ങ് സ്കൂളിന്റെ പ്രാരംഭം മുതൽ മുപ്പതു വർഷക്കാലം പ്രിൻസിപ്പലായിരുന്ന റവ. സിസ്റ്റർ ബ്ലസീലയെ മെത്രാപ്പോലീത്ത പൊന്നാടയണിയിച്ച് ആദരിക്കുകയുണ്ടായി.



## CME - Department of Anaesthesia

'Moderate Sedation and Analgesia' - എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ഏകദിന സർട്ടിഫിക്കറ്റ് കോഴ്സ് ജൂബിലിയിൽ നടന്നു. ജൂബിലിയിലെ അനസ്തേഷ്യ വിഭാഗ വും സൗദി അറേബ്യയിലെ കിങ്ങ് ഫഹദ് നാഷണൽ ഗാർഡ് ഹോസ്പിറ്റലിലെ കൺസൾട്ടൻറ് അനസ്തേഷ്യോളജിസ്റ്റ് ഡോ. രാജു വർഗ്ഗീസും സംയുക്തമായാണ് ക്ലാസ് നടത്തിയത്.



**Stephy Varghese**
Labour Room

## മരിച്ചാലും മറക്കില്ലാട്ടോ!



പ്രതാപിയാം അന്തോണിതൻ കടിഞ്ഞൂൽപുത്രി
കുഞ്ഞേത്തിതൻ ത്യാഗത്തിൻ ദൈവസമ്മാനം
എലുവത്തിങ്കൽ തറവാടിൻ പുണ്യദീപം
എടത്തിരുത്തി ഇടവകതൻ അഭിമാനം റോസ
കന്യാത്വത്തിന് വില നൽകീടാൻ
അപ്പനാം അന്തോണിതൻ സമ്മതമേകിടാൻ
അനുജത്തിയാം കൊച്ചുത്രേസ്യതൻ മരണത്തിൽ
വേദന ഹൃദയത്തിലമർത്തിയവൾ - റോസ
വിളിച്ചവൻ തൻ വിളിയിൽ നിന്നീടാൻ
പിശാചുക്കൾതൻ വാശിയായി മാറിയ
നിഷ്ഠൂരമായ ഭയപ്പാടിനും പീഡനത്തിനൊടുവിൽ
അമ്മതൻ കാപ്പയ്ക്കുള്ളിൽ ഓടിയൊളിച്ചവൾ - റോസ
മണവാട്ടിയായ് അറിയപ്പെട്ടീടും ദിനസൗരഭ്യത്തിൽ
മോക്ഷമണവാളൻതൻ തുടിക്കുന്ന സ്നേഹത്തിൽ
ഇറുകി കയറിടും ഇടംകൈയിലെ മുദ്രമോതിരത്തിൻ വേദന
തൊട്ടുതലോടി സ്വപ്നകയത്തിൽ വീണവൾ - റോസ
ഒല്ലൂരിലമർന്നുകൊണ്ടങ്ങനെ
ചുരുങ്ങിയ ജീവിതകാലയളവിനാൽതന്നെ
നവസന്യാസിനികൾ തൻ നൊമ്പരങ്ങളെ തൊട്ടുണക്കിയ
ത്യാഗത്തിൻ കയ്പുനുകർന്നവൾ-റോസ

### ഫോട്ടോ അടിക്കുറിപ്പ് മത്സരം

ജൂബിലിയിൽ നിങ്ങളെ സ്വാധീനിച്ച ഒരു ഫോട്ടോ അടിക്കുറിപ്പോടുകൂടി jubileecare4u@gmail.com-ൽ അയക്കുക. സമ്മാനാർഹമായ ഫോട്ടോ മാർച്ച് ലക്കം ജൂബിലെറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

### NEW EMPLOYEES

**STAFF NURSE**

- ANJALI SHAJI
- BABITHA T. SIMON
- DHANYA V. J.
- GREESHMA PAULY
- GRETA ANTONY
- JEYA JOSE
- JOSSY P. J.
- JULY JOHNSON
- NAYANA PAUL P.
- NIMY DIVAKARAN
- NINU PAUL
- RINCY N. R.
- RIYA DAVIS P.
- ROSEMOL C.JOSE
- SANSILA SUNNY
- SELMA C. JOY
- SOUMYA BENNY
- SREELEKHA R.
- SYNI THANKACHAN
- ARUN V.
- DELVY K. DAVY
- JASEELA K. E.
- KRISHNA KUMAR V. K.

### *Joke*

റോഡപകടത്തിൽ പരുക്കേറ്റ രോഗി ഡോക്ടറോട്: ഇന്നലെ ഡോക്ടർ എന്നോട് പറഞ്ഞു: എന്റെ പരുക്ക് നിസ്സാരമാണെന്ന്. നാളെ വീട്ടിൽ പോകാമെന്ന് പറഞ്ഞിട്ട് ഇപ്പോൾ എന്താണ് പറ്റില്ലെന്ന് പറയുന്നത്.

ഡോക്ടർ: ഇന്നത്തെ പത്രം വായിച്ചപ്പോഴാണ് നിങ്ങളുടെ പരുക്ക് ഗുരുതരമാണെന്ന് മനസ്സിലായത്.

**Baby, Insurance**

സമ്മാനാർഹമായ കവിത

## ആശ്രയമേകൂ....
## സാഫല്യമേകൂ....

പിറവിതൻ പൂക്കൾ വിടർന്നിടും നാൾ മുതൽ
പാരിതിൽ എന്തുമേ തേടുന്നു ആശ്രയം
പൊൻകര സ്പർശനം ഏറ്റിടും ആദ്യനാൾ
പിഞ്ചുമനമതിൽ ആശ്രയം കണ്ടെത്തും

പഥികനാം മർത്യന് ക്ഷീണമകറ്റുവാൻ
പാതയരുകിലെ മരച്ചുവടാശ്രയം
പാറിപ്പറന്നങ്ങവശരാം പക്ഷികൾ
പച്ചമരകൊമ്പിൽ ആശ്രയം കണ്ടെത്തും

നിശയുടെ ദംശനം ഏറ്റ നയനങ്ങൾ
നേടുന്നു ഇറ്റു വെളിച്ചത്തിലാശ്രയം
നീരിനായ് കേഴുന്ന ജീവജാലങ്ങൾക്കോ
നീരുറവതന്നെ എന്നുമേ ആശ്രയം

ആതുരസേവന പാതയിലൂടെ നാം
അപരന് ആശ്രയമായി ഭവിക്കുമ്പോൾ
ആലംബഹീനരാം രോഗികൾക്കെന്നെന്നും
അത്താണിയായിടും നമ്മുടെ സേവനം

മാറുന്ന കാലത്തിനുതകുമാറായെന്നും
മാറ്റണം നമ്മുടെ മൂടുപടങ്ങളെ
മാറുക മർത്യാ നീ ആശ്രയമേകുക
മാറിടും നിൻ ജന്മം സാഫല്യമായിടും

**Sr. Jomsy SVM**
S/N Neonatal ICU

### ചെറുപുഞ്ചിരിയുമായി ഒരു സ്നേഹസാന്ത്വനം

**Dr. Celine George, General Surgery**



ഒരു ചെറു പുഞ്ചിരിയുമായി തന്റെ അടുത്തേക്ക് കടന്നുവരുന്ന ഓരോ രോഗിക്കും സ്നേഹസ്പർശം നൽകുന്ന Dr. Sr. Celine George, Medical Collegeൽ MS ചെയ്ത് ഏഴര വർഷം അവിടെ സേവനം ചെയ്തതിനുശേഷം 2012 ലാണ് ദൈവനിശ്ചയംപോലെ JMMC യിൽ എത്തിയത്. തൃശൂർക്കാർ സ്നേഹമുള്ള വരെന്ന് തിരിച്ചറിഞ്ഞ് തൃശൂരിനെ സ്വന്തം വീടുപോലെ മാറ്റിയ സിസ്റ്റർ ചെറുപ്പം മുതൽ ഡോക്ടർ ആകണം എന്ന് ആഗ്രഹിച്ചിരുന്നു. ദൈവനിശ്ചയപ്രകാരമാണ് ഈ Profession-ൽ എത്തിയത് എന്ന് വിശ്വസിക്കുന്ന സിസ്റ്റർ തന്റെ അടുത്തുവരുന്ന രോഗികളെ സ്വന്തം സഹോദരരായി കണ്ട് അവരെ പരിചരിക്കുന്നു. വളർന്നുവരുന്ന തലമുറയോട് പറയുന്നത് ഇത്രമാത്രം: “Your First Priority should be your patient".

നമ്മുടെ കഴിവുകളും സമയവും മറ്റുള്ളവർക്കുവേണ്ടി ഒഴിഞ്ഞുവെക്കുമ്പോൾ എത്ര പ്രതിസന്ധിയിലും ദൈവം നമ്മെ കൈപിടിച്ച് ഉയർത്തും എന്ന് തന്റെ അനുഭവങ്ങളിലൂടെ ഉറച്ച് വിശ്വസിക്കുന്നു. തന്റെ അശ്രദ്ധകാരണം ഒരു രോഗിപോലും ബുദ്ധിമുട്ടരുത് എന്ന് ആഗ്രഹിക്കുന്ന സിസ്റ്ററിന്റെ ജീവിതം ഇനിയും ഒരുപാട് രോഗികൾക്ക് ആശ്വാസവും സാന്ത്വനവുമായി മാറട്ടെ എന്ന് ആശംസിക്കുന്നു.

**Deepa Tom**
**Stephy Joseph**

# പ്രണയം

ആധുനികതയുടെ കടന്നുകയറ്റത്തിലും സ്നേഹത്തിന്റെ അംശം മനസ്സിൽ കാത്തുസൂക്ഷിക്കുന്ന പ്രണയാർദ്രമായ ഹൃദയങ്ങൾക്കായ് വീണ്ടും സ്നേഹപൂർവ്വം....

"പ്രണയം അനശ്വരമാണ്". മരം കോച്ചുന്ന മഞ്ഞിലും ഹരിതഭംഗിയുടെ നിറകാഴ്ചകളുമായ് വന്നെത്തുന്ന പ്രണയദിനം. നൂതന ആശയങ്ങളും അഭിപ്രായങ്ങളുമായ് പുതുമകൾ മെനഞ്ഞെടുക്കുവാൻ പെടാപാടുപെടുന്ന സാക്ഷര മലയാളി. വളരെ തിരക്കുകൾക്കിടയിലും സെലിബ്രറ്റിയാവാൻ കൊതിച്ചു കാത്തിരിക്കുന്ന പ്രണയാർദ്രമായ മനസ്സുകൾ. എല്ലാം അല്പാല്പമായ് മാഞ്ഞുപോകുമ്പോൾ ഒരു നെടുവീർപ്പോടെ എല്ലാം നിഷ്കളങ്കമായ് ഏറ്റെടുക്കുന്ന നിരാലംബയായ് മാറുന്നു പ്രകൃതി.

സമകാലിക ജീവിതത്തിൽ യഥാർത്ഥ സ്നേഹം എന്ന പദം തന്നെ മാഞ്ഞുപോകുന്നു. ഒരു മിഥ്യാധാരണയായ് മാറുന്നു. സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും വേണ്ടിയുള്ള ന്യൂജനറേഷന്റെ നൂതന ആശയങ്ങൾ യഥാർത്ഥ സ്നേഹത്തിന്റെ പൊലിമതന്നെ മാറ്റിമറയ്ക്കുന്നു. എല്ലാം ഒരു പ്രദർശനമായി മാത്രം മാറുന്നു. ഒന്നിൽനിന്നും മറ്റൊന്നിലേക്ക്.... നഷ്ടപ്പെടുന്നതിന്റെ മൂല്യം ഒരിക്കൽപോലും മനസ്സിലാക്കാനാവാതെ പുതിയ സമീപന രീതികൾ സംസ്ക്കാരത്തെ തന്നെ മാറ്റുന്നു. യഥാർത്ഥ സ്നേഹവും, യഥാർത്ഥ പ്രണയവുമെല്ലാം ഇന്ന് മാഞ്ഞുപോവുകയാണ്. "ചൂടാക്കുമ്പോൾ ഭൗതികമാറ്റം സംഭവിക്കുന്ന പ്ലാസ്റ്റിക്കിനെപ്പോലെ".

പ്രണയത്തിന്റെ നിർണ്ണായക നിമിഷങ്ങളിൽ വന്നുചേരുന്ന ഭൗതികമാറ്റം മനസ്സിന്റെ തന്നെ മാത്രമല്ല ഒരു ജീവതത്തിന്റെതന്നെ സമനിലയെ വ്രണപ്പെടുത്തുന്നു. അഗാധമായ ഈ വ്രണപ്പെടുത്തലുകളെ നികത്താൻ ഒരു പക്ഷേ കഴിഞ്ഞെന്നുവരില്ല. അകാലത്തിൽ പൊലിയുന്ന ദീപമായ് അത് മാറിയേക്കാം. ഇളംകാറ്റിൽ പാറിനടക്കാൻ ആഗ്രഹിക്കുന്ന, ഒരിക്കൽപോലും ശക്തിയായി ചിറകുകൾ അനക്കാൻ കഴിയാത്ത ചിറകൊടിഞ്ഞ ഒരു ചിത്രശലഭത്തെപ്പോലെ.... 'അണയാൻപോകുന്ന ദീപത്തിന്റെ ആളിക്കത്തൽ' എല്ലാം നിശ്ചലമാക്കുന്നില്ല എന്ന തിരിച്ചറിവ് ഒരു പക്ഷേ വീണ്ടും ഒരു സെലിബ്രറ്റിയാവാൻ ക്ഷണിച്ചേക്കാം. നൂതന സാങ്കേതികവിദ്യകളെ മാത്രം ആശ്രയിച്ച് എല്ലാം പ്രോഗ്രാം പാക്കേജുകളാക്കി മാറ്റാൻ പോകുന്നവർ യഥാർത്ഥ സ്നേഹത്തെ വ്രണപ്പെടുത്തരുത്, സ്വന്തം മനസാക്ഷിയെ വഞ്ചിക്കാൻ കഴിയാത്തവിധം.

അമൂല്യമായ പ്രണയത്തെ അനശ്വരമാക്കിയ ഉള്ളൂരിന്റെ വാക്കുകളെ ഒരിക്കൽകൂടി ഓർമ്മപ്പെടുത്തി യഥാർത്ഥ സ്നേഹം തിരിച്ചറിയാൻ കഴിയട്ടെ എന്ന ശുഭപ്രതീക്ഷയോടെ.....

**Krishnaveni S.**
MRD

പാചകകുറിപ്പ്

## ഇരുമ്പംപുളി സൂപ്പ്

പഞ്ചസാര – 1 കിലോ
ഇരുമ്പംപുളി – 1 കിലോ
ഓറഞ്ച് തൊലി - 1 or 2

**തയ്യാറാക്കുന്ന വിധം :**

ഒരു ബൗളിൽ ഇരുമ്പംപുളിയും പാകത്തിന് വെള്ളവുമെടുത്ത് തിളപ്പിക്കുക. ചൂട് പോയതിനുശേഷം ചേരുവകൾ പിഴിഞ്ഞെടുക്കുക. അതിൽ പഞ്ചസാര ചേർത്ത് കുഴമ്പു രൂപത്തിലാക്കുക. ഓറഞ്ച് തൊലി തിളപ്പിച്ച് ഉള്ളിലെ വെള്ള തൊലി ചുരണ്ടി കളഞ്ഞ് കുഴമ്പു രൂപത്തിലാക്കിയ ചേരുവയും അല്പം ഏലയ്ക്കാപ്പൊടിയും ചേർത്ത് മിക്സിയിൽ അടിച്ചെടുക്കുക. ഒരു ഗ്ലാസ് വെള്ളത്തിൽ പാകത്തിന് കുഴമ്പു പരിവമായ ചേരുവയും ചേർത്ത് മിക്സിയിൽ വീണ്ടും അടിച്ച് ദിവസേന കഴിക്കുന്നത് കൊളസ്ട്രോൾ നിയന്ത്രിക്കാൻ സഹായിക്കുന്നതാണ്.

**Krishnaveni MRD**

**ഡോ. ഫിജു ചാക്കോ**
**പ്രൊഫ. ന്യൂറോളജി വിഭാഗം**

# അപസ്മാരം



അഞ്ചാം ക്ലാസിൽ പഠിക്കുന്ന അനില പഠനത്തിൽ മിടുക്കിയാണ്. കഴിഞ്ഞ വർഷാവസാന പരീക്ഷയിൽ ക്ലാസിൽ ഒന്നാമതായിരുന്നു. എന്നാൽ സുമതി ടീച്ചറെ അതിശയിപ്പിച്ചുകൊണ്ട് ഈ വർഷത്തെ ഓണപരീക്ഷയിൽ അവൾ മൂന്ന് വിഷയങ്ങൾക്ക് തോറ്റു. പലപ്പോഴായി ടീച്ചർ ഒരു കാര്യം ശ്രദ്ധിച്ചിരുന്നു. അനില ഇടക്കിടെ എന്തോ ചിന്തിച്ചിരിക്കുന്നു. ശൂന്യതയിലേക്ക് നോക്കിയിരിക്കുന്നു. സ്റ്റാഫ് റൂമിലെ സ്നെലൻസ് ചാർട്ട് ഉപയോഗിച്ച് കണ്ണിന്റെ കാഴ്ച പരിശോധിച്ചുനോക്കി.

കുട്ടിക്ക് സാധാരണ കാഴ്ചശക്തിയുണ്ടെന്ന് കണ്ടെത്തി. ഇതേ തുടർന്ന് അനിലയെ ടീച്ചറുടെ നിർദ്ദേശപ്രകാരം പഠന വൈകല്യങ്ങൾ ഇല്ലെന്നുറപ്പാക്കാൻ കുട്ടികളുടെ ഡോക്ടറെ കാണിച്ചു. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം ചെയ്ത ECG യിൽ Absence Seizure ആണെന്ന് കണ്ടുപിടിച്ചു. ഇടയ്ക്കിടെ 5–10 സെക്കൻഡ് സമയം അനിലയുടെ തലച്ചോറിന്റെ ഗ്രാഫിൽ അപസ്മാരത്തിന്റെ വ്യതിയാനങ്ങൾ കാണുന്നു. ആ നിമിഷങ്ങളിൽ വിളിച്ചാലോ, തൊട്ടാലോ പ്രതികരിക്കാതെ കുട്ടി തുറിച്ചുനോക്കുകയാണ്. ഡോക്ടർ ഇതിനുള്ള മരുന്ന് നൽകിയതുമൂലം രോഗം ദിവസങ്ങൾക്കുള്ളിൽ പൂർണ്ണമായി ഭേദമായി.

*** അപസ്മാരം (Epilepsy) എന്നാൽ എന്ത് ?**

ചുഴലി, ഇലക്കം, ജന്നി, ഫിറ്റ്സ് എന്നിവ അപസ്മാരത്തിന്റെ രോഗലക്ഷണത്തെ സൂചിപ്പിക്കാൻ സാധാരണയായി ഉപയോഗിച്ചുവരുന്ന വാക്കുകളാണ്. എന്നാൽ ഒരൊറ്റ പ്രാവശ്യം മാത്രം ഫിറ്റ്സ് (ചുഴലി) വന്നതുകൊണ്ട് ഒരാളെ അപസ്മാരരോഗിയെന്ന് വിളിക്കാനാവില്ല. രണ്ടോ അതിലധികമോ പ്രാവശ്യം ഫിറ്റ്സ് വരുകയും തുടർന്ന് അങ്ങിനെ വരാനുള്ള പ്രവണതയുള്ളവരെയുമാണ് അപസ്മാരരോഗികൾ എന്ന് വിളിക്കാവുന്നത്.

*** അപസ്മാരരോഗികൾക്ക് നൽകാവുന്ന പ്രഥമ ശുശ്രൂഷ (First Aid)**

രോഗിയെ ഒരു വശം ചരിച്ച് കിടത്തുക. ഛർദ്ദിയും, പതയും ശ്വാസകോശത്തിലേക്ക് കടന്ന് ശ്വാസതടസ്സമുണ്ടാക്കാതിരിക്കാനാണിത്. ഇറുകിപിടിച്ച വസ്ത്രങ്ങൾ ഒഴിവാക്കുക. ബലം പ്രയോഗിച്ച് രോഗിയുടെ ഇളക്കം നിർത്തലാക്കാൻ ശ്രമിക്കരുത്. വായിൽ സ്പൂൺ മുതലായ വസ്തുക്കൾ ഇടരുത്. രോഗിയുടെ വായിൽ നിങ്ങളുടെ വിരൽ ഇടാൻ ശ്രമിക്കരുത്. മുറിയാൻ സാധ്യതയുണ്ട്. അഞ്ച് മിനിറ്റുകൾക്കുള്ളിൽ അപസ്മാരം കുറയുന്നില്ലെങ്കിൽ ഉടൻതന്നെ രോഗിയെ അടുത്ത ആശുപത്രിയിൽ എത്തിച്ച് ഇഞ്ചക്ഷൻ എടുക്കേണ്ടതാണ്. ഇരുമ്പ്, താക്കോൽ എന്നിവ ഉപയോഗശൂന്യമാണെന്ന് പറയേണ്ടതില്ലല്ലോ.

*** അപസ്മാരം മാനസികരോഗമോ?**

അപ്സമാരം മാനസികരോഗമല്ല. തലച്ചോറിലെ നാഡീവ്യൂഹത്തിന് ഉണ്ടാകുന്ന പ്രകോപനംമൂലമാണ് അപസ്മാരം ഉണ്ടാകുന്നത്. അപൂർവ്വം ചില അവസരങ്ങളിൽ മാനസിക രോഗികളിൽ അപസ്മാരം കണ്ടുവരുന്നു. പ്രശസ്ത ക്രിക്കറ്റ് കളിക്കാരനായ ജോണ്ടി റോഡ്സ്, അലക്സാണ്ടർ ചക്രവർത്തി, നെപ്പോളിയൻ ചക്രവർത്തി, ശാസ്ത്രജ്ഞനായ സർ ഐസക് ന്യൂട്ടൻ തുടങ്ങി ഒട്ടേറെ പ്രമുഖർ അപസ്മാരരോഗത്തെ അതിജീവിച്ചവരാണ്.

തിരിച്ചറിയാം, കാൻസറിനെ
പടപൊരുതാം അതിനെതിരെ

## World Cancer Day: Feb. 4th

ഫെബ്രുവരി നാല് ലോക കാൻസർ ദിനമായി ആചരിക്കുന്നു. WHO ഇങ്ങനെ ഒരു ദിനം കാൻസർ രോഗത്തിനായി മാറ്റിവെച്ചിരിക്കുന്നത് അർബുദരോഗത്തെക്കുറിച്ച് സമൂഹത്തെ ബോധവത്കരിക്കാനും രോഗലക്ഷണങ്ങൾ മനസ്സിലാക്കി തുടക്കത്തിലെ ചികിത്സാ സഹായം തേടാനുമാണ്. കാൻസറിനെക്കുറിച്ച് നമുക്കും പല അറിവുകൾ ഉണ്ട്. എന്നിട്ടും അത് ശ്രദ്ധിക്കാതെയും ആവശ്യമായ മുൻകരുതലുകൾ ഇല്ലാതെയും പോകുന്നു.

**ഒന്നു വായിക്കൂ... സ്വയം ഒന്നു ശ്രദ്ധിക്കൂ....**

നിങ്ങൾക്കറിയാമോ? ആരോഗ്യപരമായ ശീലങ്ങളിലൂടെ കാൻസർ വരാനുള്ള സാധ്യത 50% ത്തിലധികം നമുക്ക് കുറയ്ക്കാം.

**"ആരോഗ്യപരമായ ശീലങ്ങൾ"**

- നല്ല രീതിയിലുള്ള ഭക്ഷണരീതി ശീലമാക്കു.
- നാരുകളടങ്ങിയ ഭക്ഷണം കഴിക്കുക.
- ഉപ്പും കൊഴുപ്പും അടങ്ങിയ ഭക്ഷണം കുറയ്ക്കുക.
- പുകവലി, മദ്യപാനം, അമിതഭാരം ഒഴിവാക്കുക.
- മാനസിക സംഘർഷങ്ങൾ ഒഴിവാക്കി ജീവിതത്തിലെ സന്തോഷങ്ങൾ കണ്ടെത്താൻ ശ്രമിക്കുക.

**"കാൻസറിന്റെ ലക്ഷണങ്ങൾ"**

- നിങ്ങളുടെ തൊലിയിൽ ഒരു പുതിയ മുഴയോ വീക്കമോ ഉണ്ടാകുന്നത്.
- ഉണങ്ങാത്ത മുറിവ്/വ്രണം
- അസാധാരണമായി വലുപ്പംവെക്കുന്ന നിറം മായുന്നതോ രക്തം വയ്ക്കുന്നതോ ആയ മറുക് / കറുത്ത പുള്ളി.
- മൂന്ന് ആഴ്ചയിൽ കൂടുതൽ നീണ്ടുനിൽക്കുന്ന ചുമയോ തൊണ്ടവേദനയോ അനുഭവപ്പെടുക.
- ദഹനക്കുറവോ ഭക്ഷണം കഴിക്കാൻ ബുദ്ധിമുട്ടോ അനുഭവപ്പെടുക.
- മല-മൂത്ര വിസർജ്ജന പ്രക്രിയയിൽ എന്തെങ്കിലും മാറ്റം വരുക (പ്രത്യേകിച്ച് കാരണങ്ങൾ ഇല്ലാതെ).
- ശ്വാസതടസ്സം
- വിശപ്പില്ലായ്മ ഉണ്ടാവുക.
- ക്ഷീണം, അകാരണമായ ശരീരഭാരം കുറയുക.
- മലം, മൂത്രം, കഫം എന്നിവയിൽ രക്തത്തിന്റെ അംശം കാണുക.

അല്പം ശ്രദ്ധിക്കൂ... നിങ്ങളുടെ ജീവിതത്തെക്കുറിച്ച് അറിയൂ... കാൻസർ തുടങ്ങിയ മാരകമായ അസുഖങ്ങളെ അകറ്റി നിർത്തൂ...

- **Deepa Tom,** Tutor, School of Nursing

## ഡിപ്പാർട്ടുമെൻറ് ഓഫ് അനാറ്റമി

അനാറ്റമി മനുഷ്യ ശരീരഘടനയുടെ വിശദമായ പഠനമാണ്. മനുഷ്യശരീരത്തിന്റെ ഘടനാപരമായ സവിശേഷതകൾ മനസ്സിലാക്കേണ്ടത് മെഡിക്കൽ സയൻസിന്റെ പ്രായോഗിക തലത്തിലുള്ള ഉപയോഗത്തിന് അത്യന്താപേക്ഷിതമാണ്.

അത്യാധുനിക രീതികളുപയോഗിച്ചുള്ള പ്രാക്ടിക്കൽ ട്രെയിനിങ്ങ്, ഓഡിയോ വിഷൽസ് എന്നിവ ഉപയോഗിച്ചുള്ള വിദഗ്ദ്ധ അധ്യാപകരുടെ നേതൃത്വത്തിലുള്ള ക്ലാസുകൾ നമ്മുടെ വിദ്യാർത്ഥികളെ യൂണിവേഴ്സിറ്റി തലത്തിൽ ഉന്നത വിജയം കൈവരിക്കാൻ സഹായിക്കുന്നു.

സാമൂഹ്യപ്രസക്തങ്ങളായ വിഷയങ്ങളെക്കുറിച്ചുള്ള ഗവേഷണങ്ങൾ ഈ വിഭാഗത്തിൽ നടന്നുവരുന്നു. സിമന്റുമായി ബന്ധപ്പെട്ട ജോലിക്കാർക്കിടയിലുണ്ടാകുന്ന ജനതിക പ്രശ്നങ്ങളും Assessment of Change in empathy during Medical School ഉം ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പഠനങ്ങളാണ്.



### അനാറ്റമി വിഭാഗത്തിലെ അംഗങ്ങൾ:

**HOD :** Dr. Bagyam

**Assistant Professors** :

Dr. S. Renjith, Dr. Anly Antony,

Dr. Anu Francis, Dr. Aron Davis Kotturan

**Tutors** :

Dr. Santhakumary, Mr. Lalukrishna K. N. , Mrs. Aswija Shetti

**Non. Teaching Staff :**

Mr. Muniyandy S. , Mr. K. P. George, Mrs. Liji M. V.

### ആറാമത് MBBS ബാച്ച് കോൺവൊക്കേഷൻ

ആതുരസേവനരംഗത്തേക്ക് ചിറകുവിടർത്തിയിറങ്ങുന്ന 94 യുവ ഡോക്ടർമാരെ ജൂബിലി നാടിന് സമർപ്പിച്ചു. ആറാമത് MBBS ബാച്ചിന്റെ കോൺവൊക്കേഷൻ INCEPTION 2015 ആണ നടന്നത്. സുപ്രസിദ്ധ ഇ.എൻ.ടി. സർജൻ പത്മശ്രീ ഡോക്ടർ മോഹൻ കാമേശ്വരൻ മുഖ്യാതിഥിയായിരുന്നു.



**Editorial Board**

Fr. Joby Kadappuran | Fr. Sijo Cheruvathoor | Dr. Benny Joseph | Dr. Aswath | Dr. Fiju Chacko | Dr. Harris Paul | Mr. Baby | Mr. Devassy | Mr. Vinu | Mr. Noble | Mr. Vijoy C. V. | Ms. Liya | Ms. Deepa Tom | Ms. Sheena Darlin | Ms. Ansa | Ms. Rakhi K. B. | Ms. Niviya Nello | Ms. Krishnaveni | Ms. Stefy C. Joseph | Ms. Ashly Jose | Ms. Dency Devassy